# മാർ അപ്രേം മല്പാൻ

# വാങ്മുഖം

കാലം ചെയ്ത പ. ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമേനി റമ്പാനായിരുന്നപ്പോൾ സുറിയാനിയിൽ നിന്നു വിവർത്തനം ചെയ്ത ഒരു കൃതിയെ ആധാരമാക്കിയാണ് ഈ ഗ്രന്ഥം രചിച്ചിട്ടുള്ളത്. മൂലകൃതിയിൽ നിന്നും കാര്യമായ മാറ്റങ്ങൾ വരുത്തിയിട്ടില്ലെങ്കിലും ചില ഭാഗങ്ങൾ സംക്ഷിപ്തരൂപത്തിലാക്കിയിട്ടുണ്ട്.

പ്രസാധകർ

http://www.malankaraorthodox.tv/

# I

ക്രൈസ്തവ സഭാചരിത്രത്തിൽ തങ്കലിപികളിൽ രേഖപ്പെടുത്തപ്പെട്ടിട്ടുള്ള വിശുദ്ധനാണ് മാർ അപ്രേം. ഇദ്ദേഹം സുറിയാനി വംശജനായിരുന്നു.

മാർ അപ്രേമിൻെറ പിതാവ് ന്സീബിൻ പട്ടണക്കാരനും മാതാവ് ആമ്മീദ് പട്ടണക്കാരിയുമായിരുന്നു. വിഗ്രഹാരാധകരുടെ കുടുംബത്തിൽ പിറന്ന അപ്രേം ഒരു ക്രൈസ്തവ സിദ്ധനായിത്തീർന്ന കഥ അത്ഭുതകരമാണ്.

അപ്രേമിൻെറ പിതാവ് അബ്നീൻ എന്ന വിഗ്രഹത്തിന്റെ പൂജാരിയായിരുന്നു. ഈ വിഗ്രഹം പില്ക്കാലത്ത് യൂബെനിയാനൂസ് രാജാവ് തകർത്തുകളഞ്ഞു.

കോൺസ്റ്റന്റയിൻ ചക്രവർത്തിയുടെ കാലത്താണ് മാർ അപ്രേം ജാതനായത്.

വിഗ്രഹാരാധനക്കാരന്റെ പുത്രനായി പിറന്നിട്ടു കൂടി, അശുദ്ധബലികളിലും അനാചാരങ്ങളിലും പങ്കെടുക്കാതെ പവിത്രയനായി ജീവിപ്പാൻ അവനു കൃപ ലഭിച്ചിരുന്നു. യറമിയാ, ശ്മൂയേൽ തുടങ്ങിയ പ്രവാചകന്മാരെപ്പോലെ തന്നെ ദൈവം തനിക്കുവേണ്ടി ഇവനെ മുൻകൂട്ടി തെരഞ്ഞെടുത്തിരുന്നു.

ദൈവകൃപ പൊതിഞ്ഞു സൂക്ഷിച്ചിരുന്നതിനാൽ പൈശാചിക ശക്തികൾക്ക് അപ്രേമിനെ അടിമപ്പെടുത്താൻ കഴിഞ്ഞിരുന്നില്ല. പിശാചുക്കൾ അവനെ വളരെയേറെ ഭയപ്പെട്ടിരുന്നു. പൈശാചിക പ്രേരണയുടെ ഫലമായി അപ്രേമിൻെറ മാതാപിതാക്കൾ അവനെ ഒരു വിഗ്രഹാരാധകൻ ആക്കാൻ ശ്രമിച്ചിരുന്നു. പക്ഷേ ദൈവകൃപ മൂലം അതിൽനിന്നു രക്ഷപ്പെടുവാൻ അവനു കഴിഞ്ഞു. വി. പൗലൂസിനെപ്പോലെ ദൈവത്തിന്റെ 'തെരഞ്ഞെടുക്കപ്പെട്ട പാത്ര'മായി അവൻ പരിലസിച്ചു.

ക്രിസ്ത്യാനികളുമായി അപ്രേം സമ്പർക്കം പുലർത്തുന്നത് അവന്റെ പിതാവിനെ രോഷാകുലനാക്കിയിരുന്നു. തന്മൂലം പലപ്പോഴും അപ്രേമിനു കഠിനശിക്ഷകൾ അനുഭവിക്കേണ്ടി വന്നിരുന്നു.

ഒരു ദിവസം അപ്രേമിനുവേണ്ടി അവൻെറ പിതാവ് ദേവന്മാരുടെ വിഗ്രഹങ്ങൾക്കു മുമ്പിൽ ബലിയർപ്പിച്ചു. അപ്പോൾ സാത്താൻ അവിടെ പ്രത്യക്ഷനായി.

'അനേകം സംവത്സരങ്ങളായി ക്ഷേത്രാരാധനകളിലും ബലിയർപ്പണ

http://www.malankaraorthodox.tv/

ത്തിലും നീ താല്പര്യമുള്ളവനാകുന്നു എന്നു ഞാൻ അറിയുന്നു. എന്നാൽ നിന്റെ പുത്രനുവേണ്ടിയുള്ള യാചന കൈക്കൊള്ളാൻ എനിക്കു നിവൃത്തിയില്ല. സ്വർഗ്ഗം ഭൂമിയായിത്തീരുവാൻ കഴിയാതിരിക്കുന്നപ്രകാരം തന്നെ നിന്റെ പുത്രനിൽ എനിക്ക് ആശ്വാസവും പങ്കും ലഭിപ്പാൻ കഴിയുന്നതല്ല. ഞാൻ നിന്റെ അടുക്കൽ വസിക്കണമെന്നു നീ ആഗ്രഹിക്കുന്ന പക്ഷം അവനെ നിന്റെ ഭവനത്തിൽ നിന്ന് ഓടിക്കണം. അയൽ സ്ഥലങ്ങളിൽപോലും അവനെ താമസിപ്പിക്കരുത്. എന്തെന്നാൽ അവൻ എന്റെ ശത്രുവും വിരോധിയും ആകുന്നു' എന്ന് സാത്താൻ പറഞ്ഞു.

സാത്താൻെറ ആജ്ഞ അനുസരിച്ച് ആ ക്രൂരനായ പിതാവ് തന്റെ പുത്രനെ അവിടെ നിന്നോടിച്ചു. എന്നാൽ ദൈവഭക്തനായ അപ്രേമിന് അല്പംപോലും അധൈര്യം ഉണ്ടായില്ല. അവൻ കൂടുതൽ സന്തുഷ്ടനായിരുന്നു.

ന്സിബിനിലെ എപ്പിസ്ക്കോപ്പയായ മാർ യാക്കൂബിന്റെ അടുക്കലേക്കു ദൈവം അവനെ വഴി നടത്തി. അദ്ദേഹം അപ്രേമിന് ദിവ്യോപദേശങ്ങൾ നല്കി. മാർ യാക്കൂബ് അപ്രേമിനെ മെർത്തർത്തിനിയ (മാമൂദീസാ മുക്കുന്നതിനു മുമ്പുള്ള പദവി) ആക്കി.

# II

മാർ യാക്കൂബിനോടുകൂടിയുള്ള താമസം അപ്രേമിനെ ഒരു പുതിയ മനുഷ്യനാക്കിത്തീർത്തു. പക്ഷേ സാത്താൻ നിരന്തരമായി അവനെ പരീക്ഷിച്ചുകൊണ്ടിരുന്നു.

ആ പള്ളിയിൽ അപ്രേം എന്നു പേരുള്ള ഒരു കപ്യാരുണ്ടായിരുന്നു. അവൻ സാത്താന്റെ ആയുധമായിത്തീർന്നു. പട്ടണത്തിലെ ഒരു പ്രധാനിയുടെ പുത്രിയെ അവൻ വശീകരിച്ചു പിഴപ്പിച്ചു. കാര്യം വെളിപ്പെടുന്ന പക്ഷം യാക്കൂബിൻെറ ശിഷ്യനായ അപ്രേം നിമിത്തമാണ് താൻ പിഴച്ചതെന്ന് എല്ലാവരോടും പറയാൻ ആ ദുഷ്ടൻ അവളെ ശട്ടംകെട്ടിയിരുന്നു.

കപ്യാരുടെ ഉപദേശം അനുസരിച്ചു തന്നെ അവൾ പ്രവർത്തിച്ചു. അപ്രേമാണ് തന്നെ പിഴപ്പിച്ചതെന്ന് അവൾ നിർല്ലജ്ജം പറഞ്ഞു.

അവളുടെ പിതാവ് വിവരം എപ്പിസ്ക്കോപ്പായെ അറിയിച്ചു. കേട്ടവർ കേട്ടവർ വിസ്മയിച്ചു.

"സത്യം വെളിപ്പെടരുതേ" എന്ന് അപ്രേം പ്രാർത്ഥിച്ചതുമൂലം, സത്യം വെളിപ്പെടാതെ പോയി.

'എന്റെ പുത്രാ നീ പ്രവർത്തിച്ചത് എന്ത്' എന്ന് എപ്പിസ്ക്കോപ്പാ അപ്രേമിനോടു ചോദിച്ചു. അപ്രേം മൗനമായിരുന്നു.

രണ്ടാം പ്രാവശ്യം ചോദിച്ചപ്പോൾ 'പിതാവേ ഞാൻ പാപം ചെയ്തു' എന്നായിരുന്നു അപ്രേമിൻെറ മറുപടി. അപ്രേമിനെ എപ്പിസ്ക്കോപ്പായ്ക്ക് ശരിക്കുമറിയാമായിരുന്നതിനാൽ, അവന്റെ വാക്കുകളിൽ മറ്റെന്തോ അർത്ഥ മുണ്ടായിരിക്കുമെന്ന് അദ്ദേഹം ചിന്തിച്ചു.

പിഴയ്ക്കപ്പെട്ട യുവതി ഒരാൺകുട്ടിയെ പ്രസവിച്ചു. ആ കുട്ടിയെ അവ ളുടെ അപ്പൻ കൊണ്ടുവന്ന് എപ്പിസ്ക്കോപ്പായുടെയും പട്ടക്കാരുടെയും മുമ്പാകെ വച്ചു.

"അപ്രേമേ.... നിന്റെ കുട്ടിയെ വളർത്തിക്കൊൾക" എന്നയാൾ പറഞ്ഞു.

"എൻെറ പിതാക്കന്മാരേ ഞാൻ പാപം ചെയ്തുപോയി" എന്നു വില പിച്ചുകൊണ്ട് അപ്രേം കുട്ടിയെ ഏറ്റുവാങ്ങി.

# III

വെറുപ്പിന്റെയും, പരിഹാസത്തിന്റെയും നടുവിൽ ദൈവാശ്രയം കൈവി ടാതെ ആ വിശുദ്ധൻ ജീവിതം നയിച്ചു. അപ്രേമിന്റെ സഹിഷ്ണതയും ധൈര്യവും അത്ഭുതകരമായിരുന്നു.

'ഏവൻ മുഖാന്തിരം വിരുദ്ധമുണ്ടാക്കുന്നുവോ..... ആ മനുഷ്യനു ഹാ കഷ്ടം' എന്ന തിരുവചനം അപ്രേമിൻെറ ഹൃദയത്തിൽ ഉയർന്നുകൊ ണ്ടിരുന്നു.

താൻ നിമിത്തം മറ്റുള്ളവർക്ക് ഇടർച്ച വരാതിരിക്കാൻ സത്യം വെളി പ്പെടേണ്ടതാവശ്യമെന്ന് അപ്രേമിനു ബോദ്ധ്യമായി.

ഒരു ഞായറാഴ്ച പട്ടക്കാരും വിശ്വാസികളും വിശുദ്ധ ഇടയനോടുകൂടി പള്ളിയിൽ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ മാർ അപ്രേം കുട്ടിയേയു മെടുത്തുകൊണ്ട് അവിടേക്കു ചെന്നു. ബീമാമേൽ കയറുവാൻ എപ്പി സ്ക്കോപ്പായിൽ നിന്ന് അനുവാദം വാങ്ങി.

കുട്ടിയെ മദ്ബഹായുടെ നേരെ പൊക്കി വലിയ ശബ്ദത്തോടുകൂടി അട്ടഹസിച്ചു.

"മുലകുടിക്കുന്ന ശിശുവേ ആകാശവും ഭൂമിയും അവയിലുള്ള സക ലവും സൃഷ്ടിച്ച നമ്മുടെ കർത്താവായ യേശുമ്ശിഹായുടെ നാമത്തിൽ ഞാൻ നിന്നോട് ആണയിടുന്നു. നിൻെറ അച്ചരൻ ആരാകുന്നു എന്ന സത്യം വെളിപ്പെടുത്തുക" എന്നു വിശുദ്ധൻ ആജ്ഞാപിച്ചു.

"എൻെറ അച്ചരൻ ഈ പള്ളിയുടെ കപ്യാരായ അപ്രേം ആകുന്നു" എന്നു മൂന്നു പ്രാവശ്യം പറഞ്ഞിട്ട് ഉടനെ തന്നെ മരണമടഞ്ഞു.

http://www.malankaraorthodox.tv/

ജനങ്ങളെ ഈ സംഭവം അത്ഭുതവിവശരാക്കി.

“ഒരു പരിശുദ്ധനെ പരിഹസിച്ചതുകൊണ്ടു ഞങ്ങൾക്കു ഹാ കഷ്ടം” എന്നവർ ഒരേ സ്വരത്തിൽ വിളിച്ചു പറഞ്ഞു. അവർ അപ്രേമിനോടു മാപ്പപേക്ഷിച്ചു.

സാത്താൻ ലജ്ജിതനായിത്തീർന്നു. അപ്രേമിനെ പഴയതിനേക്കാൾ അധികമായി ജനങ്ങൾ സ്നേഹിക്കയും ആദരിക്കയും ചെയ്തു. വി. അപ്രേമിന് അപമാനം വരുത്തിയ കപ്യാർ അവിടെനിന്നും ഓടിപ്പോയി. അതിനുശേഷം അവനെ ആരും കണ്ടിട്ടില്ല.

വിശുദ്ധ യാക്കൂബിനു തൻെറ വാത്സല്യശിഷ്യനായ അപ്രേമിനോടുള്ള സ്നേഹം പഴയതിനേക്കാൾ പതിന്മടങ്ങു വർദ്ധിച്ചു. അപ്രേമിനും യാക്കൂബിനോടുകൂടിയുള്ള താമസം ആനന്ദപ്രദമായിരുന്നു.

# IV

ഏതാനും വർഷങ്ങൾ കഴിഞ്ഞപ്പോൾ വേദവിപരീതിയായ അറിയൂസിൻെറ പാഷാണ്ഡോപദേശങ്ങൾ അവിടവിടെയായി തലപൊക്കി.

പുത്രനെയും, പ. റൂഹായെയും പറ്റി അറിയൂസ് ദൂഷണം പറഞ്ഞു. തനിക്കു സംസാരശക്തി നല്കിയ സ്വർഗ്ഗീയ പിതാവിനെ അവൻ നിന്ദിച്ചു. അറിയൂസിൻെറ വേദവിപരീതം ഈജിപ്തിലും മറ്റു നാടുകളിലും കോളിളക്കങ്ങൾ സൃഷ്ടിച്ചു. പണ്ഡിതനും താർക്കികനും ആയിരുന്ന അറിയൂസിൻെറ പിടിയിൽ പല പുരോഹിതന്മാരും അകപ്പെട്ടു.

ക്രൈസ്തവസഭാ സംരക്ഷകനായിരുന്ന കോൺസ്റ്റന്റയിൻ ചക്രവർത്തിയെ ഇതു വ്യാകുലചിത്തനാക്കി. ലോകത്തെങ്ങുമുള്ള എപ്പിസ്ക്കോപ്പന്മാരെ അദ്ദേഹം A. D 325-ൽ നിഖ്യായിൽ വിളിച്ചുകൂട്ടി. മാർ യാക്കൂബും നിഖ്യാ സുന്നഹദോസിലേക്കു ക്ഷണിക്കപ്പെട്ടിരുന്നു.

അറിയൂസിൻെറ വേദവിപരീതത്തിനെതിരായി പടപൊരുതാൻ യാക്കൂബിനോടൊപ്പം അപ്രേമുമുണ്ടായിരുന്നു.

നിഖ്യാ സുന്നഹദോസ് അറിയൂസിനെ ശപിച്ചു തള്ളി. വേദശാസ്ത്രപാരംഗതനായിരുന്ന അത്താനാസിയോസ് ശെമ്മാശ്ശൻ ആയിരുന്നു അറിയൂസിൻെറ വാദമുഖങ്ങൾ തകർത്തു തരിപ്പണമാക്കിയത്.

നിഖ്യാ സുന്നഹദോസ് കഴിഞ്ഞപ്പോൾ വിവിധ നാടുകളിൽ നിന്നും വന്ന എപ്പിസ്ക്കോപ്പന്മാരെല്ലാം തങ്ങളുടെ സ്ഥലങ്ങളിലേക്കു പോയി.

മാർ യാക്കൂബ് ജയാളിയായ പടത്തലവനെപ്പോലെ അപ്രേമിനോടൊത്ത് തന്റെ സ്ഥലത്തേക്കു മടങ്ങിപ്പോയി. മാർ അപ്രേം സകല കാര്യ

ങ്ങളിലും തന്റെ ഗുരുവിനു കീഴ്വഴങ്ങി ജീവിച്ചു. ദൈവകൃപ അവന്റെ മേൽ വർഷിച്ചുകൊണ്ടിരുന്നു.

# V

A. D 337-ൽ മഹാനായ കോൺസ്റ്റന്റയിൻ ചക്രവർത്തി നിത്യസ്വസ്ഥ തയിലേക്കു പ്രവേശിച്ചു. ഈ തക്കം നോക്കി പേർഷ്യൻ ചക്രവർത്തി യായ സാബോർ യുദ്ധത്തിന് ഒരുക്കങ്ങൾ ചെയ്തു. കോൺസ്റ്റന്റയിന്റെ പുത്രന്മാർ തീരെ ചെറുപ്പക്കാരാകയാൽ തന്നോട് എതിർക്കാൻ അവർ മുതിരുകയില്ലായെന്ന് സാബോർ കരുതിയിരുന്നു.

ആയിരക്കണക്കിന് കുതിരകളും, ആനകളും സഹിതം എണ്ണമറ്റ കാലാൾപ്പടയോടുകൂടിയായിരുന്നു സാബോർ യുദ്ധത്തിനു പുറപ്പെട്ടത്. നസ്ബീൻ പട്ടണത്തിനെതിരായി എഴുപതു ദിവസം സാബോറിന്റെ സൈന്യം യുദ്ധം ചെയ്തു. ആ പട്ടണത്തിലൂടെ ഒഴുകിക്കൊണ്ടിരുന്ന നദിയെ അവന്റെ സൈന്യം അടച്ചുകളഞ്ഞു. നദി വറ്റിവരണ്ടതോടു കൂടി വലിയ ഇളക്കം ഉണ്ടായി. സാബോറിന്റെ സൈന്യം കോട്ടകൊത്തളങ്ങൾ ഇടിച്ചുനിരത്താൻ തുടങ്ങി. കോട്ടയ്ക്കു വലിയ പ്രവാഹത്തിന്റെ ശക്തി ക്കെതിരായി ചെറുത്തു നില്ക്കാൻ കഴിയാതിരുന്നതു മൂലം അതു വീഴാ റായി. ഇതോടെ നിഷ്പ്രയാസം പട്ടണത്തെ കീഴ്പ്പെടുത്താൻ കഴിയുമെന്ന് സാബോർ നിശ്ചയിച്ചു.

എന്നാൽ മാർ യാക്കൂബും മാർ അപ്രേമും ഭക്തജനങ്ങളോടൊപ്പം ദേവാലയത്തിലെത്തി മുട്ടിപ്പായി പ്രാർത്ഥിച്ചു. പരിശുദ്ധ ഇടയന്റെ നിർദ്ദേ ശപ്രകാരം കോട്ടയ്ക്കകത്ത് വേറൊരു കോട്ടയും കൂടി പണിതു. അതിലും പടയാളികളെയാക്കി. കോട്ടയുടെ മേൽ രാജകീയ വസ്ത്രം ധരിച്ചുനിന്ന ഒരാളിന്റെ നിമിത്തമല്ലാതെ കോട്ടയുടെ പണിയോ ബലമോ നിമിത്തം സാബോർ വിസ്മയിച്ചില്ല.

കോട്ടയുടെ മേൽനിന്ന ആളിൻെറ മേലാടകൾ മിന്നിത്തിളങ്ങിയിരുന്നു. അവൻ രാജാവു തന്നെയെന്ന് സാബോർ തീരുമാനിച്ചു.

രാജാവ് അന്ത്യോഖ്യായിലാകുന്നു എന്നു തന്നോട് അറിയിച്ചവരുടെ നേരെ സാബോർ രോഷാകുലനായി. കുറെ കഴിഞ്ഞപ്പോൾ റോമാക്കാ രുടെ ദൈവം അവർക്കുവേണ്ടി യുദ്ധം ചെയ്യുന്നുവെന്നറിഞ്ഞ് അരിഷ്ട മനുഷ്യൻ ഏറ്റം കോപിച്ചു. അവൻ അസ്ത്രം വലിച്ചെറിഞ്ഞു. അപ്പോൾ അവന്റെ ഭ്രാന്തിന് അൽപം ശമനമുണ്ടായി.

അപ്പോൾ വിസ്മയനീയനായ മാർ അപ്രേം കോട്ടയുടെ മുകളിൽ കയറി. ആ ബാർബേറിയന്മാരുടെ നേരെ ശാപത്തിന്റെ അസ്ത്രങ്ങൾ എയ്യു വാൻ തന്നെ അനുവദിക്കണമെന്ന് മാർ യാക്കൂബിനോട് അപേക്ഷിച്ചു.

http://www.malankaraorthodox.tv/

മാർ അപ്രേം മുഖാന്തിരം മുമ്പുണ്ടായ അത്ഭുതം ഓർത്തിട്ട് യാക്കൂബ് അനുവാദം നൽകി.

അപ്രേം കോട്ടയുടെ മുകളിൽ കയറി ആയിരമായിരം ശത്രുക്കളെ കണ്ട പ്പോൾ, അവരോടു യുദ്ധം ചെയ്യുന്നതിന് ഏറ്റം ചെറിയ പ്രാണികൾ മാത്രം മതിയെന്നും, നീ ശക്തനാകുന്നു എന്ന് ഇവർ അറിയേണ്ടതിനു വണ്ടുക ളേയും ഈച്ചകളേയും പറഞ്ഞയയ്ക്കണമേയെന്നും പറഞ്ഞു. അപ്രേം പ്രാർത്ഥിച്ചവസാനിപ്പിക്കും മുമ്പേ വണ്ടുകളും ഈച്ചകളും തിങ്ങി നിറഞ്ഞു. ആനകളുടെയും, കുതിരകളുടെയും, ശേഷം മൃഗങ്ങളുടേയും ചെവികളിലും മൂക്കുകളിലും കയറുകയും ദേഹം കുത്തിത്തുളയ്ക്കുകയും ചെയ്കയാൽ വലിയ കുഴപ്പങ്ങളുണ്ടായി. മൃഗങ്ങൾ നാലുപാടും പാഞ്ഞോടി. അവയുടെ മുകളിലിരുന്ന ഭടന്മാർ തെറിച്ചു നിലത്തുവീണു. മരണവെപ്രാളം പിടിച്ച ഭടന്മാരും നാലുപാടും പാഞ്ഞുതുടങ്ങി. അഹ ങ്കാരിയും ഗർവ്വിഷ്ഠനുമായിരുന്ന സാബോർ ദൈവശക്തിയുടെ മാഹാത്മ്യം ദർശിച്ചപ്പോൾ തന്റെ അൽപത്വത്തെക്കുറിച്ച് ചിന്തിച്ചു ലജ്ജി തനായിത്തീർന്നു. ഭാഗ്യവാനായ അപ്രേമിന്റെ പ്രാർത്ഥന മൂലം ആ പട്ടണം രക്ഷിക്കപ്പെട്ടു.

# VI

A. D 337-ൽ ഭാഗ്യപരിലാളിതനായിരുന്ന മാർ യാക്കൂബ് തന്റെ ആത്മാ വിനെ ദൈവസന്നിധിയിൽ ഭരമേൽപിച്ചു. അപ്രേം അഗാധദുഃഖത്തിൽ മുഴുകി. യാക്കൂബിന്റെ കബറടക്കം ഏറ്റം ആഘോഷമായി നടത്തപ്പെട്ടു.

# VII

കോൺസ്റ്റന്റയിൻ ചക്രവർത്തിയുടെ പുത്രനും ആ കാലത്തുതന്നെ മരണം പ്രാപിച്ചു. തുടർന്നു സിംഹാസനാരൂഢനായത് ദുഷ്ടനായ യൂലി യാനോസ് ആയിരുന്നു. ഒരു വലിയ ക്രൈസ്തവ പീഡനം അവൻ അഴി ച്ചുവിട്ടു. പള്ളികളെ നശിപ്പിക്കയും, ആ സ്ഥാനത്തു വിഗ്രഹപ്രതിഷ്ഠ കൾ നടത്തുകയും ചെയ്ത് ക്രൈസ്തവസഭയെ ക്ഷയിപ്പിക്കാൻ അവൻ ശ്രമിച്ചു. അതിനുശേഷം അവൻ പേർഷ്യയിലേക്കു പോയി. മ്ശിഹാതമ്പു രാനെ ദുഷിച്ച അവൻ ശരിയായ ശിക്ഷ അനുഭവിച്ചു. ശത്രുക്കളുടെ മുമ്പാകെ പട്ടിയെപ്പോലെ അവൻ ചത്തുവീണു.

ഇവനുശേഷം വിശ്വാസിയായ യൂബെനിയൂസ് സിംഹാസനാരൂഢനായി. അവൻ പേർഷ്യക്കാരുമായി സന്ധിയുണ്ടാക്കി. ന്സ്ബിൻ പട്ടണം അവ ർക്കു വിട്ടുകൊടുത്തു.

ആ പട്ടണം പേർഷ്യാക്കാർക്കു വിട്ടുകൊടുത്തതിന്റെ ശേഷം മാർ

http://www.malankaraorthodox.tv

അപ്രേം ബെസ്ഗറബിയാ എന്ന സ്ഥലത്തേക്കു പോയി. അവിടെവച്ചു തന്റെ 28–ാം വയസ്സിൽ ജ്ഞാനസ്നാനം കൈക്കൊണ്ടു. തന്നെ ജ്ഞാന സ്നാനപ്പെടുത്തിയ ആളിൻെറ അരികെ താമസിച്ചു ചിലതെല്ലാം പഠിച്ചു. ആ കാലത്ത് സഭയിൽ പീഡയുണ്ടാകയാൽ അവിടെനിന്നും ആമീദ് പട്ട ണത്തിലേക്ക് ഓടിപ്പോയി. അവിടെ കുറെനാൾ താമസിച്ചശേഷം ബെസ നഹറീനിലുള്ള ഉറഹായ്ക്കു പോയി. അതിന്റെ ചുറ്റുമുള്ള ദയറാകൾ കണ്ട പ്പോൾ അപ്രേമിൻെറ ഹൃദയം ആഹ്ലാദംകൊണ്ടു തുടിച്ചു. അവിടെത്തന്നെ ശിഷ്ടായുസ്സു കഴിക്കണമെന്ന് അവൻ തീരുമാനിച്ചു.

ആ പട്ടണത്തെ ചുറ്റുന്ന ദൈസാൻ എന്ന നദി അക്കര കടക്കുമ്പോൾ തങ്ങളുടെ വസ്ത്രങ്ങൾ അലക്കിക്കൊണ്ടിരുന്ന സ്ത്രീകളിലൊരുവൾ നിർലജ്ജം വിശുദ്ധനെ നോക്കി.

“സ്ത്രീയെ നീ ലജ്ജിക്കുന്നില്ലയോ. നിലത്തു നോക്കുക” എന്ന് കോപ ത്തോടുകൂടി പറഞ്ഞു.

“നീ നിലത്തുനിന്ന് എടുക്കപ്പെടുകയാൽ നിലത്തു നോക്കേണ്ടതു നീയാകുന്നു. ഞാനൊ നിന്നിൽനിന്ന് എടുക്കപ്പെട്ടിരിക്കുന്നു. അതിനാൽ ഞാൻ നിന്നിൽ നോക്കേണ്ടതാകുന്നു” എന്ന് അവൾ വിശുദ്ധനു മറുപടി നല്കി.

“ഈ പട്ടണത്തിലുള്ള സ്ത്രീകൾ ഇത്ര ജ്ഞാനമുള്ളവരെങ്കിൽ പുരു ഷന്മാർ എത്ര ജ്ഞാനികളായിരിക്കും” എന്ന് വിശുദ്ധൻ ആത്മഗതം ചെയ്തു. എന്തെങ്കിലും വേല ചെയ്ത് ഉപജീവനം കഴിക്കണമെന്ന ഉദ്ദേ ശ്യത്തോടെ അദ്ദേഹം പട്ടണത്തിലേക്കു പ്രവേശിച്ചു. കൈത്തൊഴിലുകൾ ഒന്നും അപ്രേമിന് അറിഞ്ഞുകൂടായിരുന്നു.

ആ കാലത്ത് ഉറഹായിൽ അധികംപേരും അക്രൈസ്തവരായിരുന്നു. വേലയില്ലാത്ത സമയത്ത് അവൻ അവർക്കു സദുപദേശങ്ങൾ പകർന്നു കൊടുത്തിരുന്നു.

ഒരു ദിവസം ഒരു പുറജാതിക്കാരനുമായി അപ്രേം തർക്കിച്ചുകൊണ്ടു നിൽക്കുമ്പോൾ വൃദ്ധനായ ഒരു ഈഹിദായക്കാരൻ അതുവഴി വന്നു.

“എന്റെ പുത്രാ നീ എവിടുത്തുകാരൻ” എന്ന് അദ്ദേഹം അപ്രേമിനോടു ചോദിച്ചു. അപ്രേം തന്റെ ജീവിതകഥ മുഴുവൻ ഈഹിദായക്കാരനോടു പറഞ്ഞു.

“ക്രിസ്ത്യാനിയായ നീ പുറജാതികളോട് സംസർഗ്ഗം ചെയ്ത് ലോക കാര്യങ്ങളിൽ ഉൾപ്പെടുവാൻ നീ വിചാരിക്കുന്നുവോ?” എന്നു ചോദിച്ചു.

“എന്റെ പിതാവേ ഞാൻ ലോകകാര്യങ്ങളിൽ ഉൾപ്പെടുവാൻ വിചാരി

ക്കുന്നില്ല" എന്ന് അപ്രേം മറുപടി നൽകി.

"അങ്ങനെയെങ്കിൽ എന്റെ വാക്കുകൾക്കു നീ ചെവി തരിക. നീ പർവ്വതത്തിലേക്കു കയറി ദയറാകളിലൊന്നിൽ ചെന്ന് വൃദ്ധനായ ഒരു ഈഹിദായക്കാരനോടൊത്തു താമസിക്കുക. അവൻ നിന്നെ പൂർണ്ണതയിൽ വഴി നടത്തും" എന്ന് ഈഹിദായക്കാരൻ ഉപദേശിച്ചു.

അപ്രേം തനിക്ക് ഉപദേശം നൽകിയ ഈഹിദായക്കാരനോടു ചേർന്നു. അവർ ഒന്നിച്ച് പർവ്വതത്തിലേക്കു പോയി. അവിടെ ഒരു കല്ലടാവിൽ പാർപ്പുറപ്പിച്ചു. അവിടെവച്ച് ദയറായൂസ്സോയുടെ പൂർണ്ണവേഷം ധരിച്ചു. നോമ്പും പ്രാർത്ഥനയും നിരന്തരമായ പുസ്തക പരിശോധനയും നടത്തി.

# VIII

ഒരു ദിവസം പാതിരാത്രിയിൽ ആ ഈഹിദായക്കാരൻ പ്രാർത്ഥന കഴിഞ്ഞ് പുറത്തിറങ്ങിയപ്പോൾ ഒരു ദർശനം കണ്ടു.

രണ്ടു വശവും എഴുതിയ ഒരു പുസ്തകച്ചുരുളുമായി ഒരു മാലാഖാ ഇറങ്ങിവന്നിട്ട് ഇരുവശവും നില്ക്കുന്നവരോട് ഈ ചുരുൾ ആർക്കു നൽകണം എന്നു ചോദിച്ചു.

"മിസ്റയിമിലെ വനത്തിൽ വസിക്കുന്ന ഈ ഈഹിദായക്കാരൻ അർഗ്നീനു കൊടുക്കുക" എന്ന് അവർ പറഞ്ഞു.

"അപ്രകാരം കല്പിച്ചിട്ടില്ല" എന്നു മാലാഖ പറഞ്ഞു.

"ഈഹിദായക്കാരൻ യൂലിയാനോസിനു കൊടുക്കണം" എന്ന് അവർ പറഞ്ഞു.

"ഉറഹായുടെ പർവ്വതത്തിലിരിക്കുന്ന സുറിയാനിക്കാരൻ അപ്രേമല്ലാതെ ഇതിനു യോഗ്യനായവൻ ആരുമില്ല" എന്ന് മാലാഖ മറുപടി പറഞ്ഞു.

ഈ ദർശനം ഈഹിദായക്കാരനെ വിസ്മയഭരിതനാക്കി.

വി. അപ്രേം ശിശുവായിരിക്കുമ്പോൾ അവന്റെ നാവിൽ ഒരു മുന്തിരി മുളച്ച് വളർന്ന് ആകാശത്തിൻ കീഴെല്ലാം പടർന്നു എന്നും സമൃദ്ധമായി കുലകൾ ഉണ്ടായിയെന്നും ആകാശത്തിലെ പക്ഷികൾ വന്ന് അവയെ ഭക്ഷിച്ചു എന്നും വീണ്ടും വീണ്ടും കുലകൾ ഉണ്ടായിയെന്നും ഒരു ദർശനം കണ്ടതായി തന്റെ മരണപത്രികയിൽ എഴുതപ്പെട്ടിരുന്നു.

ഒരു ദിവസം അപ്രേം ഉല്പത്തി പുസ്തകത്തിനു വ്യാഖ്യാനമെഴുതുന്നത് ഈഹിദായക്കാരൻ കാണാനിടയായി. അവന്റെ മുമ്പിലത്തെ അറിവില്ലായ്മയെയും പിന്നീട് ദൈവം കൊടുത്ത അറിവിനെയും പറ്റി ചിന്തി

http://www.malankaraorthodox.tv/

ച്ചപ്പോൾ അദ്ദേഹം വളരെ വിസ്മയിച്ചു. ഒന്നാമത്തെ പുസ്തകത്തിന്റെ വ്യാഖ്യാനം അവസാനിച്ചയുടൻ രണ്ടാം പുസ്തകത്തിന്റെ വ്യാഖ്യാനവും എഴുതിത്തുടങ്ങി. ഇതോടെ താൻ കണ്ട ദർശനം സത്യമായിരുന്നുവെന്ന് ഈഹിദായക്കാരനു മനസ്സിലായി.

അപ്രേം എഴുതിയ വ്യാഖ്യാനഗ്രന്ഥം ഈഹിദായക്കാരൻ പുരോഹിതന്മാർക്കും, ശാസ്ത്രിമാർക്കും കാട്ടിക്കൊടുത്തു. ഈ ഗ്രന്ഥം എഴുതിയ അപ്രേമിൻെറ പാണ്ഡിത്യം അവരെയെല്ലാം അത്ഭുതവിവശരാക്കി.

"മലമേൽ പണിയപ്പെട്ടിരിക്കുന്ന പട്ടണത്തിനു മറവായിരിപ്പാൻ കഴികയില്ല" എന്നരുളിച്ചെയ്ത മ്ശിഹാതമ്പുരാൻ, പട്ടണത്തിലെ ക്രിസ്ത്യാനികളുടെ ഹൃദയങ്ങളെ ഇളക്കിയതു നിമിത്തം അപ്രേമിനെ കാണുന്നതിനായി അവർ കൂട്ടത്തോടെ ചെന്നു.

ഈ വിവരം അറിഞ്ഞപ്പോൾ അപ്രേം ഒളിച്ചോടിപ്പോയി.

# IX

അവൻ ഒരു താഴ്വരയിലേക്കിറങ്ങുമ്പോൾ ഒരു ദൈവദൂതൻ അവനു പ്രത്യക്ഷനായി.

"അപ്രേമേ..... നീ എവിടെപ്പോകുന്നു" എന്ന് അവൻ ചോദിച്ചു.

"എൻെറ നാഥാ ലോകത്തിന്റെ ലഹളയിൽ നിന്നും മാറി ശാന്തമായിരിപ്പാൻ ഓടിപ്പോകുന്നു" എന്നു പറഞ്ഞു.

"നുകത്തിൽ നിന്നു തന്റെ കഴുത്തിനെ വലിച്ച കാളയെപ്പോലെ അപ്രേം എന്നിൽ നിന്നോടിപ്പോയി" എന്ന് എഴുതപ്പെട്ടിരിക്കുന്നത് നിന്റെമേൽ നിവൃത്തിപ്പാൻ ഇടവരരുത്" എന്നു മാലാഖ പറഞ്ഞു.

"കർത്താവേ, ഞാൻ ബലഹീനനും അയോഗ്യനുമാകുന്നു" എന്ന് അവൻ കരഞ്ഞുകൊണ്ടു പറഞ്ഞു.

"വിളക്കു കൊളുത്തി എല്ലാവർക്കും കാണത്തക്കവണ്ണം തണ്ടിന്മേലല്ലാതെ പറയിൻകീഴെ വെക്കുമാറില്ല" എന്ന് മാലാഖ പറഞ്ഞു. ഇങ്ങിനെ പല കാര്യങ്ങളും അപ്രേമിനോടു സംസാരിച്ചശേഷം മാലാഖ അപ്രത്യക്ഷനായി.

അപ്രേമിനെ കാണാതെ നിരാശരായ ജനക്കൂട്ടം തങ്ങളുടെ പട്ടണത്തിലേക്കു തന്നെ മടങ്ങിപ്പോയി.

അപ്രേം ഉറഹായിലേക്കു തന്നെ മടങ്ങിപ്പോന്നു. പട്ടണപ്രവേശനത്തിനു മുമ്പായി അപ്രേം ഒരു ലഘു പ്രാർത്ഥന നടത്തി.

http://www.malankaraorthodox.tv/

“പരിശുദ്ധ ശ്ലീഹന്മാർക്ക് സാത്താന്റെയും അവന്റെ സൈന്യത്തിന്റെയും മേൽ അധികാരം കൊടുത്ത കർത്താവേ, നിന്റെ ശക്തി എനിക്കു തന്ന് എല്ലാ വേദവിപരീതങ്ങളെയും എൻെറ മുമ്പിൽ നിന്നു മായിച്ചു കളവാൻ കൃപ തരണമേ.....” ഇതായിരുന്നു അപ്രേമിന്റെ പ്രാർത്ഥന.

പിറ്റേദിവസം പ്രഭാതത്തിൽ പട്ടണത്തിലൂടെ അവൻ നടക്കുമ്പോൾ ചിലർ അവനെ കണ്ടുപിടിച്ചു.

“ഈ വേഷധാരിയെ വന്നു കാൺമീൻ. നാം അവന്റെ പിന്നാലെ ചെന്നപ്പോൾ അവൻ ഓടിക്കളഞ്ഞു. ഇപ്പോൾ ഇതാ അവൻ സ്വയം വന്നിരിക്കുന്നു” എന്ന് അവർ പറഞ്ഞു.

അപ്രേം പ്രശംസ ഇഷ്ടപ്പെടുന്നവനെന്നു കരുതി അവനെ പട്ടക്കാരുടെയും ജ്ഞാനികളുടേയും മുമ്പാകെ കൊണ്ടുചെന്നു.

“എൻെറ പിതാക്കന്മാരും സഹോദരന്മാരുമേ, ക്ഷമിപ്പീൻ. നിങ്ങൾ അന്വേഷിച്ചവൻ ഞാൻ തന്നെയാകുന്നു” എന്ന് അപ്രേം വിനയം തുളുമ്പുന്ന സ്വരത്തിൽ പറഞ്ഞു. അവന്റെ താഴ്മ നിമിത്തം അവർക്ക് അവനോട് ദയയും സ്നേഹവും തോന്നി.

# X

ഒരു ദിവസം ദിവ്യദർശനം കാണുന്ന ഒരു ഈഹിദായക്കാരൻ ഭക്ഷണം വാങ്ങുവാൻ പട്ടണത്തിലേക്ക് ഇറങ്ങിവന്നു. അപ്രേമിനെ അവിടെവച്ച് അവൻ കണ്ടു.

“അതിനാൽ കളത്തെ വെടിപ്പാക്കി വേദവിപരീതങ്ങളെ ചുട്ടുകളയുന്നതായി കർത്താവിന്റെ കയ്യിലുള്ള വിശറി ഇവനാകുന്നു” എന്ന് ഈഹിദായക്കാരൻ പറഞ്ഞു.

പട്ടണവാസികൾ ഇതു കേട്ടു. വേദവിപരീതികളും അക്രൈസ്തവരും കോപാകുലരായി അപ്രേമിനെ പിടിച്ചു പട്ടണത്തിനു പുറത്താക്കി. അവന്റെ മേൽ കല്ലെറിഞ്ഞു. കല്ലേറുകൊണ്ട് അർദ്ധപ്രാണനായിത്തീർന്ന അപ്രേം, പിറ്റേദിവസം തന്റെ മുൻവാസസ്ഥലത്തേക്കുതന്നെ പോയി.

വേദവിപരീതികൾക്കെതിരായി ധാരാളം ഗ്രന്ഥങ്ങൾ രചിച്ചു. വലിയ ഒരു ശിഷ്യസമ്പത്ത് അവനുണ്ടായിത്തീർന്നു. ഉറഹായുടെ പള്ളിയിലെ ശെമ്മാശനായ സെനുബിയോസും മാർ ഇസഹാക്കും, സൂനായും, യൂലിയാനായും, ശെമഓനും, അബ്രഹാമും അവരിൽ പ്രധാനികളായിരുന്നു. ഇവരെല്ലാം പിൽക്കാലത്തു ഗ്രന്ഥരചയിതാക്കളും മല്പാന്മാരുമായിത്തീർന്നു.

http://www.malankaraorthodox.tv/

അക്കാലത്ത് കപ്പദോക്യായിലെ കേസറിയായുടെ എപ്പിസ്ക്കോപ്പയായിരുന്ന വി. ബസ്സേലിയോസ്സിൻെറ അത്ഭുതങ്ങളെക്കുറിച്ചു കേൾക്കയാൽ അദ്ദേഹത്തെ കാണുന്നതിന് അപ്രേമിന് ആഗ്രഹമുണ്ടായി. ബസ്സേലിയോസിനെക്കുറിച്ചുള്ള കേൾവി സത്യമാണോ എന്നറിയുന്നതിനുവേണ്ടി അപ്രേം പ്രാർത്ഥിച്ചു.

ഒരു ദിവസം അപ്രേം ഒരു ദർശനം കണ്ടു:-

'മദ്ബഹായുടെ മുമ്പാകെ സ്വർഗ്ഗത്തോളം ഉയർന്ന ഒരഗ്നിത്തൂൺ നില്ക്കുന്നതാണ്' അപ്രേം കണ്ട ദർശനം.

"അപ്രേമേ ഈ അഗ്നിത്തൂൺ എപ്രകാരമോ, അപ്രകാരംതന്നെ വലിയ ബസ്സേലിയോസും ആകുന്നു" എന്ന് ഒരു സ്വർഗ്ഗീയശബ്ദവും കേട്ടു.

ഈ ദർശനത്തെ തുടർന്ന്, ബസ്സേലിയോസിനെ കാണുന്നതിനു പുറപ്പെട്ടു. ഗ്രീക്കു ഭാഷയറിയാവുന്ന ഒരു ശിഷ്യനേയും തന്നോടൊത്തു കൊണ്ടുപോയി.

മിസ്റയിമിലേക്കു പോകുവാൻ അവർ കപ്പൽ കയറി. കപ്പലിലെ സാധനങ്ങളെല്ലാം എറിഞ്ഞുകളയത്തക്കവണ്ണം ഉഗ്രമായ കൊടുങ്കാറ്റടിച്ചു. കപ്പൽക്കാർ കടലിൽ ചാടിക്കളവാൻ വിചാരിച്ചു.

"സഹോദരന്മാരേ.... നിങ്ങൾ ഭയപ്പെടരുത്. വി. പൗലോസിനെയും അവരോടുകൂടി ഉണ്ടായിരുന്നവരേയും രക്ഷിച്ച ദൈവം ഈ പരീക്ഷയിൽ നിന്നു നമ്മെയും രക്ഷിക്കും" എന്നു പറഞ്ഞ് അപ്രേം അവരെ ധൈര്യപ്പെടുത്തി.

കപ്പൽക്കാർ അപ്രേമിനെ പരിഹസിച്ചു. അപ്പോൾ അപ്രേം മുട്ടിപ്പായി പ്രാർത്ഥിച്ചു. കടലിന്മേൽ റൂശ്മാ ചെയ്തു.

"നീ മൗനമായിരിപ്പാൻ യേശുമ്ശിഹായുടെ നാമത്തിൽ ഞാൻ കല്പിക്കുന്നു" എന്ന് പറഞ്ഞയുടൻ കടൽ ശാന്തമായി.

"ഞങ്ങളുടെ പിതാവേ, നീ ഞങ്ങളെ രക്ഷിച്ചു" എന്നു പറഞ്ഞുകൊണ്ട് അപ്രേമിനെ പരിഹസിച്ചവർ അവന്റെ മുമ്പാകെ കവിണുവീണ് മാപ്പപേക്ഷിച്ചു.

വീണ്ടും സമുദ്രയാത്രയ്ക്കിടയിൽ ഒരു വലിയ ജന്തു കപ്പലിനെ നശിപ്പിക്കാൻ പാഞ്ഞെത്തി. ആ ജന്തുവിന്റെ നേരെ അപ്രേം റൂശ്മാ ചെയ്തു. ഉടനെ അതു നടുവേ പിളർന്ന് കടലിൽ താണുപോയി. കപ്പൽക്കാർ ഒന്നടങ്കം ദൈവത്തെ മഹത്വപ്പെടുത്തി.

സമാധാനത്തോടെ അപ്രേമും ശിഷ്യനും മിസ്രയീമിലെത്തി. പരിശുദ്ധവനത്തെയും അതിലുള്ള ഈഹിദായക്കാരനെയും കാണുന്നതിന് അപ്രേം

http://www.malankaraorthodox.tv/

ആഗ്രഹിച്ചു. ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ടവനായ ആബൊ (പിതാവ്) ഇരിക്കുന്ന സ്ഥലം അവർ കണ്ടുപിടിച്ചു. അവരുടെ പ്രാർത്ഥനയുടെ ഫലമായി പ. ബീശുവിന് സുറിയാനിയും, അപ്രേമിന് ഈഗുപ്തായും സംസാരിക്കാനുള്ള കൃപ ലഭിച്ചു.

# XI

"തെരഞ്ഞെടുക്കപ്പെട്ട ആബൊബീശുവിനോടൊപ്പം നിനക്കു ഞാൻ പ്രതിപകരം തരും" എന്ന് ഉറേഹായിൽ വച്ച് ദൈവം അപ്രേമിനോട് അരുളിച്ചെയ്തിരുന്നു. അതിനാൽ ഈ സന്ദർശനം അപ്രേമിനെ വളരെയേറെ സന്തോഷിപ്പിച്ചു. ഒരാഴ്ച അപ്രേം ആബൊ ബീശുവിനോടുകൂടെ താമസിച്ചു.

ദയറാക്കാരനായതിനു ശേഷം കളഗോതമ്പും പച്ചസസ്യങ്ങളും മാത്രമായിരുന്നു അപ്രേമിന്റെ ഭക്ഷണം. അതുകൊണ്ട് അവന്റെ ശരീരം മെലിഞ്ഞ് എല്ലുംതൊലിയും ആയി ശേഷിച്ചു. കീറവസ്ത്രങ്ങളാണ് അവൻ ധരിച്ചിരുന്നത്. കൂനും, കഷണ്ടിയും പിടിച്ച ഒരു കുറിയ മനുഷ്യനായിരുന്നു അപ്രേം. അവന്റെ മുഖത്ത് എപ്പോഴും ദുഃഖഭാവമായിരുന്നു.

ആബൊ ബീശുവിനോടു യാത്രപറഞ്ഞ ശേഷം മിസ്രയിമിൽ എട്ടു വർഷം അപ്രേം താമസിച്ചു. അറിയോസിൻെറ വേദവിപരീതത്തിൽ മുങ്ങിയവരെ സത്യവിശ്വാസത്തിലേക്ക് അപ്രേം വഴിനടത്തി. ഈഗുപ്തായ ഭാഷയിൽ പാണ്ഡിത്യം നേടിയ അപ്രേം ആ ഭാഷ പഠിപ്പിക്കയും, നിരവധി ഗ്രന്ഥങ്ങൾ രചിക്കയും ചെയ്തു.

അറിയോസിന്റെ വേദവിപരീതം സ്വീകരിച്ച കപടഭക്തനായ ഒരു ഈഹിദായക്കാരനുണ്ടായിരുന്നു. ക്ഷുദ്രക്കാരനായിരുന്ന അവന് അത്ഭുതങ്ങൾ പ്രവർത്തിക്കാൻ കഴിഞ്ഞിരുന്നു. ഇതിനാൽ അവനെക്കുറിച്ചു വളരെ കേൾവിയുണ്ടായിരുന്നു.

ഒരു ദിവസം ഇവൻ അപ്രേമിനെ പരിഹസിച്ചു. അപ്രേം അവനെ ശപിച്ചു. ഉടനെ അവൻ മറിഞ്ഞു നിലത്തു വീണു. കൈകാലുകൾ ഇട്ടടിച്ചു തുടങ്ങി.

വൃദ്ധനായ ക്ഷുദ്രക്കാരന് സംഭവിച്ചതെന്തെന്നു കാണാൻ ഈഹിദായക്കാർ അടുത്തുകൂടി. അപ്രേമിനു ഹൃദയത്തിൽ അലിവും ദുഃഖവും തോന്നുകയാൽ, ആ വേദവിപരീതിക്കുവേണ്ടി പ്രാർത്ഥിച്ചു. സാത്താന്റെ സ്വാധീനത്തിൽ നിന്നും മോചിതനാകയും അവൻ സത്യവിശ്വാസിയായിത്തീരുകയും ചെയ്തു. എല്ലാവരാലും പുകഴ്ത്തപ്പെട്ട അപ്രേം അവിടെ നിന്നും ബസ്സേലിയോസിനെ കാണുന്നതിനുവേണ്ടി യാത്ര തിരിച്ചു.

http://www.malankaraorthodox.tv/

വി. ദഹനാ ദിവസം അപ്രേം കേസറിയായിൽ എത്തിച്ചേർന്നു. പിറ്റേന്ന് പ. ബസ്സേലിയോസിനെ പള്ളിയിൽ കാണാൻ കഴിയും എന്ന് ജനങ്ങളിൽ നിന്നറിഞ്ഞു. ആ രാത്രി പാർക്കാൻ ആരും അവനെ കൈക്കൊള്ളാതിരുന്നതുമൂലം തെരുവിൽ താമസിക്കേണ്ടിവന്നു. പിറ്റേന്ന് പള്ളിയിൽ വച്ച് ബസ്സേലിയോസിനെ കണ്ടു.

"സഹോദരാ നാം ഇവിടെ വന്നതു വ്യഥാവായല്ലോ" എന്ന് ബസേലിയോസിനെ കണ്ടപ്പോൾ അപ്രേം തന്റെ ശിഷ്യനോടു പറഞ്ഞു.

പ. ബസ്സേലിയോസ് ശോഭയുള്ള വസ്ത്രങ്ങളാണണിഞ്ഞിരുന്നത്. തലയിൽ അലങ്കരിക്കപ്പെട്ട മസനപ്സായും മുടിയും അണിഞ്ഞിരുന്ന ബസേലിയോസ് പട്ടക്കാരാലും ശെമ്മാശ്ശന്മാരാലും പരിസേവിതനായിരുന്നു. ബസ്സേലിയോസിനെക്കുറിച്ച് അപ്രേമിന്റെ സങ്കല്പം മറ്റൊന്നായിരുന്നു. ലളിതമായ വേഷത്തിലും, ഭാവത്തിലുമായിരിക്കും ബസ്സേലിയോസിനെ കാണുക എന്ന് അപ്രേം ധരിച്ചിരുന്നു.

"നാം ഈ ഉഷ്ണം സഹിച്ചതുകൊണ്ട് ഒരു പ്രയോജനവുമില്ലല്ലോ, ഇത്ര വലിയ ബഹുമാനത്തിലും അലങ്കാരത്തിലും ഇരിക്കുന്നവൻ ഞാൻ കണ്ടപ്രകാരം അഗ്നിത്തൂണാവാൻ എങ്ങനെ കഴിയും" എന്ന് ഭാഷാന്തരക്കാരനോടു പറഞ്ഞു.

അവൻ ഇപ്രകാരം പറയുമ്പോൾ പ്രസംഗത്തിനായി ബസ്സേലിയോസ് ബീമ്മാമേൽ (പുൾപ്പിറ്റിൽ) കയറി. പ. റൂഹാ പ്രാവിന്റെ രൂപത്തിൽ അവന്റെ വായ് മുഖാന്തിരം സംസാരിക്കുന്നത് അപ്രേം കണ്ടു.

തെരഞ്ഞെടുക്കപ്പെട്ടവനും പരിശുദ്ധനുമായ ബസ്സേലിയോസിനെ തെറ്റിദ്ധരിച്ചല്ലോ എന്നോർത്ത് അപ്രേം വ്യസനിച്ചു.

മാർ ബസ്സേലിയോസ് സംസാരിച്ചു നിർത്തിയപ്പോൾ ജനം ഒരു പ്രാവശ്യം പുകഴ്ത്തി. അപ്രേം രണ്ടു പ്രാവശ്യം പുകഴ്ത്തി ഹേ - ഹേ - ഹേ - ഹേ എന്നു പറഞ്ഞു.

ബസ്സേലിയോസ് തിരിഞ്ഞു നോക്കിയപ്പോൾ അപ്രേമിനെ കണ്ടു. അപ്പോൾ പ. റൂഹാ അപ്രേമിനെ ബസ്സേലിയോസിനു വെളിപ്പെടുത്തിക്കൊടുത്തു. ഉടനെ ബസ്സേലിയോസ് തന്റെ അർക്കദിയാക്കോനെ വിളിച്ചു.

"കഷണങ്ങൾ കൂട്ടിത്തുന്നിയ വസ്ത്രം ധരിച്ച ഒരു ദയറാക്കാരനും അവനോടുകൂടെ മറ്റൊരു ദയറാക്കാരനും പള്ളിയിൽ നിൽപുണ്ട്. നീ പോയി അവനോട് റീശ് എപ്പിസ്ക്കോപ്പാ വിളിക്കുന്നു എന്നു പറക" എന്ന് ബസ്സേലിയോസ് അർക്കദിയാക്കോനോടു പറഞ്ഞു.

ഭാഷാന്തരക്കാരൻ മുഖേന അർക്കദിയാക്കോൻ അപ്രേമിനോടു സംസാരിച്ചു.

"നിനക്കു തെറ്റു പറ്റിപ്പോയി. എന്തെന്നാൽ ഞങ്ങൾ പരദേശികളാകുന്നു. റീശ് എപ്പിസ്ക്കോപ്പാ ഞങ്ങളെ അറികയുമില്ല" എന്നായിരുന്നു അപ്രേമിന്റെ മറുപടി.

ബസ്സേലിയോസിനോട് അർക്കദിയാക്കോൻ വിവരം പറഞ്ഞു.

അർക്കദിയാക്കോൻ പോയ ഉടൻ ആദ്യം നിന്നിരുന്ന സ്ഥാനത്തുനിന്നും മറ്റൊരു സ്ഥാനത്തേക്ക് അപ്രേം മാറിനിന്നു.

അപ്രേം നില്ക്കുന്ന സ്ഥലം ബസ്സേലിയോസ് അർക്കദിയാക്കോനു കൃത്യമായി പറഞ്ഞുകൊടുത്തു.

"മാർ അപ്രേമേ പരിശുദ്ധ ബീമ്മായുടെ അടുക്കലേക്കു വരിക. നിന്നെ റീശ് എപ്പിസ്ക്കോപ്പാ വിളിക്കുന്നു" എന്നു പറയുവാൻ ബസ്സേലിയോസ് അർക്കദിയാക്കോനോട് ആജ്ഞാപിച്ചു. അപ്രകാരം അവൻ ചെയ്തു.

ഇതു കേട്ടപ്പോൾ മാർ അപ്രേം ഏറ്റം വിസ്മയിച്ചു ദൈവത്തെ മഹത്വപ്പെടുത്തി.

"സത്യമായിട്ട് ബസ്സേലിയോസ് വലിയവനാകുന്നു. അവൻ അഗ്നിത്തൂണുമാകുന്നു. സത്യമായിട്ട് വിശുദ്ധാത്മാവ് അവന്റെ തിരുവായ് മുഖാന്തിരം സംസാരിക്കയും ചെയ്യുന്നു" എന്ന് പറഞ്ഞു.

"വി. കുർബ്ബാന കഴിയുമ്പോൾ ഭണ്ഡാരപ്പുരയിൽ വച്ച് ബസ്സേലിയോസുമായി സംസാരിപ്പാൻ അനുവാദം തരണമേ" എന്ന് അപ്രേം അപേക്ഷിച്ചു.

വി. കുർബ്ബാന കഴിഞ്ഞപ്പോൾ ബസ്സേലിയോസ് അപ്രേമിനെ വിളിപ്പിച്ചു.

കാഷായവസ്ത്രം ധരിച്ചവനും ദുഃഖം നിഴലിട്ടു നില്ക്കുന്നവനുമായ അപ്രേമിനെ കണ്ടപ്പോൾ പ്രഭുതുല്യനായ ബസ്സേലിയോസ് തല കുനിച്ചു.

"പിതാവേ! ദരിദ്രനും പാപിയുമായ എന്നോടു ക്ഷമിക്കണമേ" എന്നപേക്ഷിച്ചുകൊണ്ട് അപ്രേം ബസ്സേലിയോസിൻെറ മുമ്പിൽ മുട്ടുകൾ മടക്കി. ബസ്സേലിയോസും താഴെ മുട്ടുകൾ മടക്കി.

പിന്നീട് ഇരുവരും എണീറ്റ് തമ്മിൽ തമ്മിൽ സമാധാനം കൊടുത്തു. അവർ പരസ്പരം സമാധാനവാക്കുകൾ ചൊരിഞ്ഞു.

അപ്രേമും ശിഷ്യനും പ. ബസ്സേലിയോസിൻെറ വിശുദ്ധകരങ്ങളാൽ വി. കുർബ്ബാനയനുഭവിച്ചു.

"സുറിയാനിക്കാരനായ നീ എന്റെ പ്രസംഗം മനസ്സിലാക്കിയതും രണ്ടു പ്രാവശ്യം പുകഴ്ത്തിയതും എങ്ങനെ"യെന്ന് ബസ്സേലിയോസ് ചോദിച്ചു.

http://www.malankaraorthodox.tv/

“നിന്റെ വായ് മുഖാന്തിരം സംസാരിച്ച പരിശുദ്ധാത്മാവിനെ ഞാൻ പുകഴ്ത്തി” എന്ന് അപ്രേം മറുപടി പറഞ്ഞു.

ബസ്സേലിയോസ് അപ്രേമിൻെറ മുമ്പിൽ വീണു. അപ്രേമിനു ലഭിച്ചിട്ടുള്ള നൽവരങ്ങളെ വാഴ്ത്തി.

അപ്രേമും ബസ്സേലിയോസും ദൈവസന്നിധിയിൽ മുട്ടിപ്പായി പ്രാർത്ഥിച്ചു. യവനായഭാഷ തടവുകൂടാതെ സംസാരിപ്പാനുള്ള കൃപ അപ്രേമിനു ലഭിച്ചു. അപ്രേം ബസ്സേലിയോസിനോടൊത്ത് രണ്ടാഴ്ച താമസിച്ചു. ബസ്സേലിയോസിൽനിന്നും അപ്രേം കശ്ശീശ്ശാപട്ടം സ്വീകരിച്ചു.

# XII

ഒരു ദിവസം ബസ്സേലിയോസ് പരിശുദ്ധാത്മാവിനെപ്പറ്റി പഠിപ്പിച്ചപ്പോൾ പിതാവും പുത്രനും പ. റൂഹായും എന്നു പറഞ്ഞതിൽ അവർ തർക്കിച്ചു. അതിന് മുമ്പ് പ. റൂഹായും എന്ന പറകയില്ലായിരുന്നു.

“സഹോദരന്മാരേ ഇതിൽ നിങ്ങൾ കലഹിക്കേണ്ടാ. ഇതു ബെസ്നഹറീൻകാരനായ ദൈവമനുഷ്യനിൽ നിന്നും ഞാൻ കേട്ടതാകുന്നു. പ. ത്രിത്വത്തിനു മഹത്വം കൊടുക്കുമ്പോൾ എല്ലാ ദിവ്യനാമങ്ങൾക്കും ‘ഉം’ എന്ന വിസർഗ്ഗം ചേർക്കാതെ മഹത്വം കൊടുക്കാൻ പാടില്ല. അതിനാൽ മഹത്വം കൊടുക്കുമ്പോൾ പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി എന്നു പറയണം എന്നു പറഞ്ഞു. അപ്പോൾ ജനം അനുസരിച്ചു.

നോമ്പിന്റെ രണ്ടാം ദിവസം സൃഷ്ടിയെപ്പറ്റി ബസ്സേലിയോസ് പഠിപ്പിച്ചു. ഇതു തന്റെ സ്വന്ത വാക്കല്ല, അപ്രേമിന്റെ വചനമാകുന്നുവെന്ന് ബസ്സേലിയോസ് പറഞ്ഞു.

ഒരു കോഴി മുട്ടയുടെമേൽ പൊരുന്നയിരിക്കയും അതിന്റെ ചൂടു മുഖാന്തിരം ജീവനുണ്ടാകയും ചെയ്യുന്നപ്രകാരം ദൈവത്തിന്റെ ആത്മാവ് വെള്ളത്തിൽ ആവസിച്ച് അതിനു ജീവൻ നല്കി. അതിനാൽ ദൈവാത്മാവ് സ്രഷ്ടാവാകുന്നുവെന്നും അതിന് ഒരു കുറവുമില്ലെന്നും പഠിപ്പിച്ചു.

# XIII

ഉറഹായിൽ വേദവിപരീതം പടർന്നു പിടിച്ചിരിക്കുന്നുവെന്നറിഞ്ഞപ്പോൾ അപ്രേമും ശിഷ്യനും ബസ്സേലിയോസിനോട് യാത്രപറഞ്ഞ ശേഷം മടങ്ങിപ്പോയി.

“അപ്രേം പള്ളിയിൽ നിൽക്കുമ്പോൾ പ്രകാശമുള്ള വസ്ത്രം ധരിച്ചിരുന്ന രണ്ടു മാലാഖമാർ അവന്റെ ഇരുവശങ്ങളിലുമായി നിൽക്കുന്നതു ഞാൻ കണ്ടു” എന്ന് ബസ്സേലിയോസ് ഒരു പട്ടക്കാരനോടു പറഞ്ഞു. പ്രാസ്

http://www.malankaraorthodox.tv/

നദീതീരത്തുള്ള ശ്മിഗിത്താ പട്ടണത്തിൽ വച്ച് വേദവിപരീതിയായ ഒരു മല്പാനോടു കൂടിയുണ്ടായിരുന്ന ബാലന്മാരിലൊരുവൻ അപ്രേമിനെ അടിച്ചു. ആ കുട്ടിയെ ഒരു ഖേദ്നാ സർപ്പം ദംശിച്ചു. അപ്രേം ആ കുട്ടിയെ സൗഖ്യമാക്കി. വേദവിപരീതിയായ മല്പാനും ശിഷ്യന്മാരും സത്യവിശ്വാസികളായിത്തീർന്നു.

വേദവിപരീതങ്ങൾക്കെതിരായി അപ്രേം പോരാട്ടം ആരംഭിച്ചു. ആ പോരാട്ടത്തിൽ വിശുദ്ധൻ വിജയം വരിച്ചു.

അറിയോസ്, മാനി, മർക്കിയാൻ തുടങ്ങിയവരുടെയെല്ലാം വേദവിപരീതങ്ങളെ തകർക്കാൻ അപ്രേമിനു കഴിഞ്ഞു.

# XIV

മനുഷ്യർ സംഗീതത്തിലേക്കു ചായുന്നു എന്നു മനസ്സിലാക്കിയ വിശുദ്ധൻ ധാരാളം ഗാനങ്ങളെഴുതി. ബസ്ക്കിയാമ്മാരിലൂടെ ഈ പാട്ടുകൾ ജനത്തെ പഠിപ്പിച്ചു. എല്ലാ ആത്മീയ വിഷയങ്ങളെയും പരാമർശിച്ചുകൊണ്ടുള്ള ആ ഗാനങ്ങൾ ക്രൈസ്തവസഭയിലുടനീളം ആദ്ധ്യാത്മിക ചൈതന്യം പകർന്നു.

തോമ്മാശ്ലീഹായുടെ വലിയപള്ളിയുടെ വാതിൽക്കൽ ഭിക്ഷ യാചിച്ചു കൊണ്ടിരുന്ന ഒരു തളർവാതക്കാരനെ അപ്രേം സൗഖ്യമാക്കയുണ്ടായി.

വി. ബസ്സേലിയോസ്സ് നാലു സംവത്സരങ്ങൾക്കുശേഷം തെയോഫിലോസ് എന്നും തോമസ് എന്നും രണ്ടു ശിഷ്യന്മാരെ അപ്രേമിന്റെ അടുക്കലയച്ചു.

തന്നെ എപ്പിസ്ക്കോപ്പാ ആക്കാൻ ബസ്സേലിയോസ് ആഗ്രഹിക്കുന്നുവെന്ന് മനസ്സിലായ അപ്രേം, താനൊരു ഭ്രാന്തനെന്നു ഭാവിച്ചു. അതിനാൽ ബസ്സേലിയോസിന്റെ ശിഷ്യന്മാർ നിരാശരായി മടങ്ങി. “ഭ്രാന്തനാകയാൽ അവനെ കൊണ്ടുവന്നില്ല” എന്നവർ ബസ്സേലിയോസിനോടു പറഞ്ഞു.

“ഹാ.... മറയപ്പെട്ടിരിക്കുന്ന മാണിക്യമേ ലോകത്തിനു നിന്നെ മനസ്സിലാക്കാൻ കഴിയുന്നില്ല” എന്നു ബസ്സേലിയോസ് പറഞ്ഞു.

ദൈവഭയത്തിൽ പൂർണ്ണനായ ഈഹിദായക്കാരന്മാർ സോബൊ മുതലായ പല സ്നേഹിതന്മാർ മാർ അപ്രേമിനുണ്ടായിരുന്നു. ഈ വിശുദ്ധൻ മരിച്ചപ്പോൾ അവരെപ്പറ്റി പല മെമ്മറാകളുണ്ടാക്കി. തന്റെ കാലത്തുണ്ടായിട്ടുള്ള സകല എപ്പിസ്ക്കോപ്പന്മാരെപ്പറ്റിയും നീതിമാന്മാരായ പല ആളുകളെപ്പറ്റിയും തന്റെ മല്പാനായ മാർ യാക്കൂബിനെപ്പറ്റിയും മാത്രമല്ല കോൺസ്റ്റന്റയിൻ ചക്രവർത്തി മർത്തശ്മൂനിയും ഏഴു മക്കളും തുടങ്ങി പലരെപ്പറ്റിയും പലതിനെപ്പറ്റിയും മെമ്മറാകൾ എഴുതുകയും വേദവ്യാഖ്യാനങ്ങൾ രചിക്കയും ചെയ്തു.

http://www.malankaraorthodox.tv/

# XV

മാർ അപ്രേം ദുഷ്ടനായ വോലിയോനോസിന്റെ കാലം വരെ ജീവിച്ചിരുന്നു. വോലിയോനോസ് A. D 364 മുതൽ 378 വരെ ഭരിച്ചു.

സകല ശ്രേഷ്ഠതകളാലും സമ്പൂർണ്ണനായിരുന്ന മാർ അപ്രേം തന്റെ അന്ത്യനിമിഷങ്ങൾ അടുത്തുവെന്നറിഞ്ഞപ്പോൾ മരണപത്രിക തയ്യാറാക്കി. തന്റെ ശിഷ്യന്മാരെ വിളിച്ചുവരുത്തി അവർക്ക് അന്ത്യോപദേശങ്ങൾ നല്കി. തങ്ങളുടെ പ്രിയ ഗുരുവിന്റെ വേർപാട് അടുത്തുവെന്നറിഞ്ഞ് അവർ കണ്ണീർ വാർത്തുകൊണ്ടിരുന്നു.

A. D 372-ൽ ഈ മഹാ വിശുദ്ധൻ നിത്യസ്വസ്ഥതയിലേക്കു പ്രവേശിച്ചു. ഈഹിദായക്കാരും, എസ്തുനേറന്മാരും ദയറായാക്കാരും സംഘം സംഘമായിരുന്ന് പാട്ടുകളും പ്രാർത്ഥനകളും നടത്തി.

പിന്നീട് അവർ എല്ലാവരും ചേർന്നു വിശുദ്ധൻെറ ഭൗതികദേഹം പട്ടണത്തിലെ എപ്പിസ്ക്കോപ്പന്മാരെ അടക്കുന്ന സ്ഥലത്ത് അടക്കി.

വേദശാസ്ത്രപാരംഗതനും ദിവ്യഗായകനുമായ അപ്രേമിന്റെ ജീവിതകഥ ആയിരമായിരങ്ങൾക്ക് ഇന്നും പ്രചോദനമേകുന്നു.

http://www.malankaraorthodox.tv/